"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പച്ചക്കറി കൃഷിക്ക് ഗ്രോബാഗിനു പകരം **High Density Poly Ethylene (HDPE)** ചെടിചട്ടി വാങ്ങുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയും ആയത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.**2854/2022/LSGD** തീയതി,തിരുവനന്തപുരം, **18-11-2022**

---

പരാമർശം:-

1. സ.ഉ.(കൈ) നം.**115/2022**/തസ്വഭവ, തീയതി **28.05.2022**
2. ശ്രീ ഫ്രാൻസിസ് വർഗ്ഗീസ് . **M** സമർപ്പിച്ച **18.3.2022, 08.06.2022** തീയതികളിലെ നിവേദനം
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **01.09.2022** ലെ **ADFW/8521/2022-TP4** നമ്പർ റിപ്പോർട്ട്
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ **06.09.2022** ലെ **8874/H1/2022/KSHO** നമ്പർ കത്ത്
5. കൃഷി വകുപ്പിന്റെ **14.09.2022** ലെ **AGRI-AG1/182/2022-AGRI** നമ്പർ സർക്കുലർ
6. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ **21.10.2022**-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. **4.59**

**ഉത്തരവ്**

ടെറസ്സിലും മുറ്റത്തും പച്ചക്കറി കൃഷിക്കായി ഗ്രോ ബാഗ് ഉൾപ്പെടെ വാങ്ങി സബ്സിഡി നിരക്കിൽ നൽകുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശം (1) മാർഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2.അടുക്കളത്തോട്ടം, ടെറസ് ഗാർഡൻ പച്ചക്കറി കൃഷിക്ക് ഗ്രോബാഗിനു പകരം **High Density Poly Ethylene (HDPE)** ചെടിചട്ടി പ്രോത്സാഹിപ്പിക്കണമെന്നും ഇതു വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും പരാമർശം (2) ഉള്ള പരാമർശം (2 )നിവേദനം ഈ വകുപ്പ് പരിശോധിക്കുകയുണ്ടായി . ഗ്രോ ബാഗിനു പകരം **High Density Poly Ethelene (HDPE)** ചെടിച്ചട്ടി ഉപയോഗിക്കുന്നതിന്റെ പ്രായോഗികത, ഗുണമേന്മ എന്നിവയെക്കുറിച്ചുള്ള പഠനങ്ങളൊന്നും കേരള കാർഷിക സർവകലാശാല നടത്തിയിട്ടില്ല എങ്കിലും ടി സർവകലാശാലയുടെ അഭിപ്രായപ്രകാരം

**Central Institute of Petrochemicals Engineering & Technology (CIPET)** എന്ന സ്ഥാപനത്തോട് **HDPE** ചെടിച്ചട്ടികളുടെ ഈടുനിൽപ്പ്, പാരിസ്ഥിതിക സൗഹൃദപരമാണോ എന്നിങ്ങനെയുള്ള വിഷയങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന്, പ്രസ്തുത ചെടിച്ചട്ടികൾ അഞ്ചു വർഷ കാലത്തേക്ക് ഈടു നിൽക്കുന്നതാണെന്നും **FSSAI** സ്റ്റാൻഡേർഡ് പ്രകാരം പരിസ്ഥിതിക്ക് ദോഷം ചെയ്യാത്തതാണെന്നും അറിയിച്ചിട്ടുണ്ട് എന്നും അതിനാൽ **HDPE** ചെടിച്ചട്ടികൾ കൂടുതൽ കാലത്തേക്ക് ഈടു നിൽക്കുന്നതാകയാലും പരിസ്ഥിതിക്ക് ദോഷം വരുത്താത്തതു കൊണ്ടും ഗ്രോബാഗിനു പകരം **HDPE** ചെടിച്ചട്ടികൾ ഉപയോഗിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്നും കൃഷി വകുപ്പ് ഡയറക്ടർ പരാമർശം **(3)** പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

**3.** കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രോബാഗ് ഉപയോഗിക്കുന്നത് നിർത്തലാക്കുന്നതിന്റെ ഭാഗമായി മൺചട്ടികൾ, കയർ പിത്ത് ചട്ടികൾ, **HDPE** കണ്ടെയ്നറുകൾ തുടങ്ങിയവ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്ന് പരാമർശിത സർക്കുലറിലൂടെ കൃഷി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം **(6 )** യോഗതീരുമാനപ്രകാരം മാർഗ്ഗരേഖ പ്രകാരമുള്ള ടെണ്ടർ/വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ച് പരാമർശിത സർക്കുലറിൽ പ്രതിപാദിക്കുന്ന **High Density Poly Ethylene (HDPE)** ചെടിച്ചട്ടികൾ ഉൾപ്പെടെയുള്ള ഇനങ്ങൾ വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾ/ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുമതി നൽകി ഉത്തരവാകുന്നു. **HDPE** ചെടിച്ചട്ടിയുടെ സ്പെസിഫിക്കേഷൻ താഴെ പറയും പ്രകാരമായിരിക്കണം.

- ചെടിച്ചട്ടിയുടെ ഉയരം – **10** ഇഞ്ച്
- ഡയമീറ്റർ – **10-12** ഇഞ്ച്
- കനം – **5 mm**
- തൂക്കം – **450 gm**

**5.** ടെണ്ടർ നടപടിയിലൂടെയാണ് മൺചട്ടികൾ, കയർപിത്ത് ചട്ടികൾ എന്നിവയ്ക്കൊപ്പം **HDPE** ചെടിച്ചട്ടികളും വാങ്ങേണ്ടത്. ചെടിച്ചട്ടികളിൽ നിറയ്ക്കേണ്ട വളർച്ചാ മാധ്യമത്തിന് **60** രൂപ അധികമായി നൽകാവുന്നതാണ്. **HDPE** ചെടിച്ചട്ടിക്ക് **5** വർഷം ഗാരന്റി ഉണ്ടായിരിക്കണം. മേൽ വ്യവസ്ഥകൾ കൂടി പരാമർശിത മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

7. പഞ്ചായത്ത് ഡയറക്ടർ
8 നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കൃഷി വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 18-11-2022 17:23:25

സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. തദ്ദേശ സ്വയംഭരണ - എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽസെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്